പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2714 — 17.10.2016-ൽ മറുപടിക്ക്

## പോലീസ് ഹാൻഡ്ബോൾ ടീമിൽ സെലക്ഷൻ

| ചോദ്യം<br>ശ്രീ. ജോർജ്ജ് എം തോമസ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പോലീസ് ഹാൻഡ് ബോൾ ടീമിൽ സെലക്ഷൻ ലഭിക്കാത്തതു സംബന്ധിച്ച് ജെസ്സൽ കെ, S/o സിദ്ദീഖ്, കാഞ്ഞിരത്തിങ്കൽ (H), കണ്ണോത്ത് (പി.ഒ), കോടഞ്ചേരി എന്നയാളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി,സി)<br>കേരള പോലീസിലെ സ്പോർട്ട്സ് ക്വാട്ട നിയമനത്തിനായി യോഗ്യരായ കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സമിതി സമർപ്പിച്ച സെലക്ട് ലിസ്റ്റിൽ റിസർവ്വ് കാറ്റഗറിയിൽ രണ്ടാമനായി ശ്രീ. ജെസ്സലിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ (എംഎസ്) നം. 183/2014/ആഭ്യന്തരം തീയതി 16.09.2014 പ്രകാരം ഹാൻഡ്ബോൾ വിഭാഗത്തിനു 12 പേർ ഉൾപ്പെടുന്ന ഒരു ടീമിനെ നിയമിക്കാനുള്ള അനുവാദം മാത്രമേ നൽകിയിരുന്നുള്ളൂ. മെയിൻലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ആരെങ്കിലും നിശ്ചിതകാലയളവിനുള്ളിൽ നിയമനം സ്വീകരിക്കാതെ വന്നാൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് മാത്രമേ റിസർവ്വ് ലിസ്റ്റിലുള്ളവർക്ക് നിയമന സാധ്യത ഉണ്ടാവുകയുള്ളൂ. ആയതിനാൽ ശ്രീ.ജെസ്സൽ.കെ-യുടെ അപേക്ഷ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. |
| സി) ഇയാൾക്ക് സെലക്ഷൻ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

L 14/10